**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം - 14**

വിഷയം :- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് - പാലക്കാട് ഇ.എസ്.ഐ ആശുപത്രിയിൽ ഇന്റേണൽ ആഡിറ്റ് നടത്തുന്നത് - സംബന്ധിച്ച്.

പരാമർശം:- 23.06.2017-ലെ പാലക്കാട് ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ടിന്റെ എ-2219/2017-ാം നമ്പർ കത്ത്.

..................

**ഉത്തരവ് നമ്പർ - എ3-13436/2017/ഡി.ഐ.എം.എസ് തീയതി, 31.07.2017**

പാലക്കാട് ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ട് ആയിരുന്ന ഡോ.നരേന്ദ്രവർമ്മ 28.02.2017-ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ഡോ.നരേന്ദ്രവർമ്മയ്ക്ക് ബാദ്ധ്യതാ/ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകുന്നതിനു വേണ്ടി 17.12.2016 മുതലുള്ള വകുപ്പുതല കണക്കുപരിശോധന 03.08.2017 മുതൽ 05.08.2017 വരെയുള്ള തീയതികളിലായി താഴെ പറയുന്ന ജീവനക്കാരെ നിയോഗിച്ച് നടത്തുന്നതിന് ഇതിനാൽ ഉത്തരവാകുന്നു.

1. ശ്രീ.കൃഷ്ണകുമാർ.കെ.കെ - ലേ സെക്രട്ടറി & ട്രഷറർ, ഇ.എസ്.ഐ ആശുപത്രി, ഫെറോക്ക്
2. ശ്രീ.മനോജ് കുമാർ - ഹെഡ് ക്ലാർക്ക്, ഇ.എസ്.ഐ ഡിസ്പെൻസറി, ചെറുവണ്ണൂർ 1
3. ശ്രീ.ഷിനോജ് കൃഷ്ണൻ - ക്ലാർക്ക്, ഉത്തരമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, കോഴിക്കോട്
4. ശ്രീ.വിനോദ് കുമാർ.ഡി.കെ - ഫാർമസിസ്റ്റ്, ഇ.എസ്.ഐ ഡിസ്പെൻസറി, വാളയാർ

സീനിയർ ഫിനാൻസ് ഓഫീസർ ആഡിറ്റിന് അന്തിമരൂപം നൽകുന്നതായിരിക്കും. ആഡിറ്റിന് നിയോഗിക്കുന്ന ജീവനക്കാരെ അതാത് ഓഫീസ് മേലധികാരികൾ കൃത്യസമയത്ത് തന്നെ വിടുതൽ ചെയ്യേണ്ടതാണ്. ആഡിറ്റ് നടത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുവാൻ പാലക്കാട് ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ടിനോട് ഇതിനാൽ നിർദ്ദേശിക്കുന്നു. ആഡിറ്റ് പൂർത്തീകരിച്ച് എത്രയും വേഗം റിപ്പോർട്ട് ഡയറക്ടർക്ക് നൽകണമെന്ന് ശ്രീ.കൃഷ്ണകുമാർ.കെ.കെ (ലേ സെക്രട്ടറി & ട്രഷറർ, ഇ.എസ്.ഐ ആശുപത്രി, ഫെറോക്ക്) യോട് നിർദ്ദേശിക്കുന്നു.

ഈ ജീവനക്കാർക്ക് ചട്ടപ്രകാരമുള്ള യാത്രാബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

**(ഒപ്പ്)**
**ഡോ.അജിതാ നായർ.ആർ,**
**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ**

സ്വീകർത്താവ്

ബന്ധപ്പെട്ട ആഡിറ്റ് ഉദ്യോഗസ്ഥർക്ക്

പകർപ്പ് -
1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഐ.എം.എസ് (ഉത്തരമേഖല),കോഴിക്കോട്
2. സൂപ്രണ്ട്, ഇ.എസ്.ഐ. ആശുപത്രി, പാലക്കാട്/ഫെറോക്ക്
3. ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ ഡിസ്പെൻസറി, ചെറുവണ്ണൂർ 1/വാളയാർ
4. സീനിയർ ഫിനാൻസ് ഓഫീസർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / ഡയറക്ടറുടെ സി.എ/ സൂപ്രണ്ട് (ആഡിറ്റ് /സിസ്റ്റം അഡ്മിൻ
5. ഫയൽ/സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**

എസ്കെവി-31.7.17